ഡി.ആർ.ഡി.എ.-യുടെ പ്രവർത്തനം

21 (*556) ശ്രീ. കോവൂർ കുഞ്ഞുമോൻ :
ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഡിആർഡിഎ വഴി നടത്തുന്ന പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് വെളിപ്പെടുത്തുമോ :

(ബി) ത്രിതല പഞ്ചായത്തുകൾ വഴി നടപ്പാക്കാൻ കഴിയുന്ന പദ്ധതികളാണോ ഡി.ആർ.ഡി.എ. ഇപ്പോൾ നടപ്പാക്കുന്നത് :

(സി) എങ്കിൽ ഡിആർഡിഎ സംവിധാനം ആവശ്യമുണ്ടോ എന്നറിയിക്കാമോ ?

ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. സി. എഫ്. തോമസ്) :

(എ) ഡിആർഡിഎ വഴി നടത്തുന്ന പ്രവർത്തനങ്ങൾ താഴെപ്പറയുന്നവയാണ് :

1. കേന്ദ്രഗ്രാമവികസന മന്ത്രാലയത്തിന്റെ ഗ്രാമവികസന പരിപാടികളായ സ്വർണ്ണ ജയന്തി ഗ്രാമസ്വറോസ്ഗാർ യോജന, സമ്പൂർണ്ണ ഗ്രാമീൺ റോസ്ഗാർ യോജന, ഇന്ദിരാ ആവാസ് യോജന, സമ്പൂർണ്ണ ശുചിത്വ പരിപാടി, സംയോജിത തരിശു ഭൂമി വികസന പരിപാടി/ഹരിയാലി, നാഷണൽ ഫുഡ് ഫോർ വർക്ക് പ്രോഗ്രാം (NFFWP), പ്രധാനമന്ത്രിയുടെ ഗ്രാമ സഡക് യോജന തുടങ്ങിയവയുടെ നടത്തിപ്പിന്റെ മേൽനോട്ടം വഹിക്കുക.

2. വിവിധ ഗ്രാമവികസന പരിപാടികളുടെ കേന്ദ്രവിഹിതവും സംസ്ഥാന വിഹിതവും യഥാസമയം വാങ്ങുക, കേന്ദ്ര സർക്കാരിന് സമർപ്പിക്കേണ്ട വിനിയോഗ സർട്ടിഫിക്കറ്റ് ആഡിറ്റ് റിപ്പോർട്ട്, മറ്റ് അനുബന്ധ രേഖകൾ എന്നിവ യഥാ സമയം നൽകുക, ത്രിതല പഞ്ചായത്തുകൾക്കുള്ള വിഹിതം യഥാസമയം നൽകുകയും ഇപ്രകാരം നൽകുന്ന തുകയുടെ ഫലപ്രദമായ വിനിയോഗം ഉറപ്പ് വരുത്തുകയും ചെയ്യുക.

3. ദാരിദ്ര്യ നിർമ്മാർജ്ജന പരിപാടികളുടെ നടത്തിപ്പിന് ഇതര വകുപ്പുകൾ, പഞ്ചായത്തുകൾ, ബാങ്കുകൾ, സാങ്കേതിക സ്ഥാപനങ്ങൾ, എന്നിവയുടെ പ്രവർത്തനങ്ങളും സേവനങ്ങളും ഏകോപിപ്പിക്കുക.

4. വിവിധ ഗ്രാമവികസന പരിപാടികളുടെ പുരോഗതി റിപ്പോർട്ട് പഞ്ചായത്തുകളിൽ നിന്നും മറ്റ് നിർവ്വഹണ ഏജൻസി കളിൽനിന്നും യഥാസമയം വാങ്ങി ക്രോഡീകരിച്ച് സംസ്ഥാന തലത്തിൽ നൽകുക, പരിപാടികളുടെ പുരോഗതി മോണിറ്റർ ചെയ്യുക.

LIBRARY ARCHIVES Kerala Legislative Assembly

5. ഫീൽഡ് സന്ദർശന പരിപാടികളുടെ പദ്ധതിപ്രവർത്തനങ്ങൾ മോണിറ്റർ ചെയ്യുക.

6. പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾ, വനിതകൾ, വികലാംഗർ എന്നീ ലക്ഷ്യ വിഭാഗങ്ങൾക്കായി നീക്കിവച്ചിട്ടുള്ള ആനുകൂല്യങ്ങൾ ഈ വിഭാഗക്കാർക്ക് എത്തുന്നു എന്ന് ഉറപ്പുവരുത്തുക.

7. കേന്ദ്ര സർക്കാർ പ്രോജക്ട് അടിസ്ഥാനത്തിൽ പണം അനുവദിക്കുന്ന പദ്ധതികൾക്ക് പ്രോജക്ട് റിപ്പോർട്ടുകൾ തയ്യാറാക്കുക.

8. ലഭിക്കുന്ന പണത്തിന്റെ കൃത്യമായ കണക്കുകൾ ഡി.ആർ. ഡി.എ. തലത്തിലും ത്രിതലപഞ്ചായത്തുകളിലും സൂക്ഷിക്കുന്നുണ്ട് എന്ന് ഉറപ്പ് വരുത്തുക.

9. വിവിധ ഗ്രാമവികസന പരിപാടികൾ സംബന്ധിച്ച് ഉദ്യോഗസ്ഥൻമാർക്കും ജനപ്രതിനിധികൾക്കും, ഗുണഭോക്താക്കൾക്കും പരിശീലനം നൽകുക.

10. പദ്ധതികൾ നടപ്പിലാക്കുന്നതിന് സാങ്കേതിക സഹായം നൽകുക.

(ബി) പ്രധാനമന്ത്രിയുടെ ഗ്രാമസഡക് യോജന ഒഴികെ ഡി.ആർ.ഡി.എ.-കൾ പദ്ധതികൾ നേരിട്ട് നിർവ്വഹണം നടത്തുന്നില്ല. ത്രിതല പഞ്ചായത്തുകൾ മുഖേനയാണ് പദ്ധതികളുടെ നിർവ്വഹണം നടത്തുന്നത്. ഡി.ആർ.ഡി.എ.-യുടെ പ്രവർത്തനങ്ങൾ ഏതെങ്കിലും തലത്തിലുള്ള പഞ്ചായത്തിന് നിർവ്വഹിക്കാൻ കഴിയുന്നവയല്ല.

(സി) 'എ' പിരിവ് ചോദ്യത്തിനുള്ള മറുപടിയിൽ പരാമർശിച്ചിട്ടുള്ള പ്രവർത്തനങ്ങൾ നടത്തുന്നതിന് ഡി.ആർ.ഡി.എ. സംവിധാനം ആവശ്യമാണ്.

മത്സ്യബന്ധന ഗ്രാമങ്ങളിലെ കുടിവെള്ള വിതരണ സംവിധാനം

22 (T*557) ശ്രീ. കെ. എ. ചന്ദ്രൻ :
ശ്രീ. ടി. വി. ചന്ദ്രമോഹൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഏതെല്ലാം മത്സ്യബന്ധന ഗ്രാമങ്ങളിൽ ശുദ്ധജലവിതരണ സംവിധാനം നിലവിലുണ്ട് ;

(ബി) ഇവയിൽ എല്ലായിടത്തും ആവശ്യമായത്ര വെള്ളം ലഭ്യമാകുന്നുണ്ടോ ;

(സി) ഈ വർഷം പുതുതായി എത്ര മത്സ്യബന്ധന ഗ്രാമങ്ങളിൽ കുടിവെള്ള വിതരണ സംവിധാനം ഏർപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നുണ്ട് ?

'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly